**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6595** **11-07-2024 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ വലിയ നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കരാറുകാരുടെ അനാസ്ഥ നിമിത്തം പൂർത്തീകരണം നീണ്ടു പോകുന്ന പ്രവൃത്തികൾ സംബന്ധിച്ച് സർക്കാരിന് നഷ്ടം വരാത്ത വിധം കാരണക്കാരനായ കരാറുകാരിൽ നിന്ന് പിഴ അല്ലെങ്കിൽ അധിക ബാധ്യത ഈടാക്കുന്നുണ്ട്. കരാർ പ്രകാരം പ്രവൃത്തിയിൽ പുരോഗതി കൈവരിക്കാത്ത പ്രവൃത്തികൾ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി പുനർ ക്രമീകരിക്കുകയും ചെയ്യുന്നു. കൂടാതെ ചില പ്രവൃത്തികളിൽ GST Hike, Revised DSR എന്നിവ മൂലം അധിക ബാധ്യത ഉണ്ടാകുന്നതിനാൽ ഇത്തരം അധിക ബാധ്യതയ്ക്കും മൂലകാരണം കരാറുകാരനായതിനാൽ ആയത് കരാറുകാരന്റെ ബാധ്യതയായി തന്നെയാണ് കണക്കാക്കാറുള്ളത്. എന്നാൽ KWA പോലുള്ള Utility Agency-കൾ കൃത്യസമയത്ത് പ്രവൃത്തി പൂർത്തീകരിക്കാത്തത് കാരണം കരാറുകാർ ഉപേക്ഷിച്ചു പോകുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നുണ്ട്. ഇത്തരം പ്രവൃത്തികൾ പുനർ ദർഘാസ് വിളിച്ച് പുനഃക്രമീകരിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഇനത്തിൽ എത്ര രൂപ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കൃത്യമായ സമയപരിധി ടെണ്ടറിൽ തന്നെ ഉറപ്പുവരുത്തി പദ്ധതി പൂർത്തീകരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ